പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 547 — 27.9.2011 ൽ മറുപടിയ്ക്ക്

**മാമത്ത് നാളികേര വികസന കോർപ്പറേഷന്റെ സ്ഥലത്ത് ഐ.ടി. പാർക്കോ വ്യവസായ പാർക്കോ ആരംഭിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ ; | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) |
| എ) ആറ്റിങ്ങൽ മാമത്ത് നാളികേര വികസന കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലത്ത് ഐ.ടി. പാർക്കോ, സിഡ്കോയുടെ നിയന്ത്രണത്തിലുള്ള വ്യവസായ പാർക്കോ ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ ; | എ) ആറ്റിങ്ങൽ മാമത്ത് നാളികേര വികസന കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലത്ത് ഐ.ടി. പാർക്ക് നിർമ്മിക്കുന്നതിന് നിലവിൽ നിർദ്ദേശങ്ങളൊന്നുമില്ല. പ്രസ്തുത സ്ഥലം സിഡ്കോയ്ക്ക് ലഭ്യമാക്കുകയാണെങ്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വ്യവസായ പാർക്ക് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| ബി) സിഡ്കോയുടെ നിയന്ത്രണത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾക്ക് പദ്ധതിയുണ്ടോ ; സ്ഥലം ലഭ്യമാക്കിയാൽ പ്രസ്തുത പദ്ധതി തുടങ്ങാൻ കഴിയുമോ എന്നറിയിക്കുമോ ? | ബി) സിഡ്കോയുടെ നിയന്ത്രണത്തിൽ പുതിയ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് വേണ്ടി ഇപ്പോൾ സ്ഥലമൊന്നും ലഭ്യമായിട്ടില്ല. എന്നാൽ തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി, കോഴിക്കോട് ജില്ലയിലെ താമരശ്ശേരി, കട്ടിപ്പാറ, തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം, കഠിനംകുളം എന്നിവിടങ്ങളിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിലേക്കായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇവ സിഡ്കോയ്ക്ക് ലഭ്യമാകുന്ന മുറയ്ക്ക് വ്യവസായ പാർക്ക് ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ